# കേരളസർവകലാശാല

നം.പി.ആർ.213/2022

## പത്രക്കുറിപ്പ്

**കേരളസർവകലാശാല**
**ഒന്നാം വർഷ ബിരുദ പ്രവേശനം – 2022**
**ജനറൽ വിഭാഗങ്ങൾക്ക് സ്പോട്ട് അലോട്ട്മെന്റ് –**
**കൊല്ലം, മേഖലയിലെ കോളേജുകൾ – ഒക്ടോബർ 12, 13 തീയതികളിലും**
**തിരുവനന്തപുരം, മേഖലയിലെ കോളേജുകൾ – ഒക്ടോബർ 14, 15 തീയതികളിലും**

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ/യു.ഐ.റ്റി./ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ ഒന്നാം വർഷ ബിരുദ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് അതാത് മേഖലാ തലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു.

| Colleges (Zone wise) | Venue | Subjects | Date |
|---|---|---|---|
| Kollam | S N College, Kollam | B.Sc,B.Com,BBA,BCA, B.Voc, BSW,BMS | 12.10.2022 |
| | | BA (all Courses) | 13.10.2022 |
| Thiruvananthapuram | University College of Engineering, Kariavattom campus | B.Sc,B.Com,BBA,BCA, B.Voc, BSW,BMS | 14.10.2022 |
| | | BA (all Courses) | 15.10.2022 |

വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ട് സഹിതം മുകളിൽ പറഞ്ഞിരിക്കുന്ന സെന്ററുകളിൽ രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സമയം 8 മണി മുതൽ 10 മണി വരെ. ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം (authorization letter) നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്.

നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി. വാങ്ങുവാൻ പാടുള്ളൂ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും (**Non-creamy Layer Certificate for SEBC Candidates, Community Certificate for SC-ST Candidates, EWS Certificate for EWS Candidates**) തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഉണ്ടായിരിക്കണം. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. ഇതുവരെ അഡ്മിഷൻ ഫീ അടയ്ക്കാത്ത വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസിനത്തിൽ (എസ്.ടി/എസ്.സി വിഭാഗങ്ങൾക്ക് 930 രൂപ, ജനറൽ/മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1850 രൂപ) അടയ്ക്കേണ്ടതാണ്. ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുൻപ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പ്രസ്തുത പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതേണ്ടതാണ്.

വിവിധ മേഖലകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിവരം, ഒഴിവുള്ള സീറ്റുകളുടെ വിവരം എന്നിവ സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കുന്നതാണ്.

## തീയതി നീട്ടി

കേരളസർവകലാശാലയുടെ രണ്ടാം സെമസ്റ്റർ എം.എ./എം.എസ്സി./എം.കോം./എം.എസ്.ഡബ്ല്യൂ./എം.എം.സി.ജെ./എം.എ.എച്ച്.ആർ.എം. റെഗുലർ/സപ്ലിമെന്ററി, സെപ്റ്റംബർ 2022 പരീക്ഷയുടെ സി.എ.മാർക്ക് അപ്‌ലോഡ് ചെയ്യാനുള്ള അവസാന തീയതി ഒക്ടോബർ 17 ലേക്ക് നീട്ടിയിരിക്കുന്നു.

## പ്രാക്ടിക്കൽ/വൈവ

കേരളസർവകലാശാല 2022 ആഗസ്റ്റിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്സി. ബോട്ടണി ആന്റ് ബയോടെക്നോളജി (247) ബി.എസ്സി. ബയോടെക്നോളജി (മൾട്ടിമേജർ) (350) കോഴ്സുകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 18 മുതൽ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ഒക്ടോബർ 25 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ. മ്യൂസിക് (എഫ്.ഡി.പി.) (റെഗുലർ – 2020 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് – 2019 അഡ്മിഷൻ, സപ്ലിമെന്ററി – 2018, 2017, 2016 അഡ്മിഷൻ, മേഴ്സിചാൻസ് – 2015, 2014, 2013 അഡ്മിഷൻ) പ്രാക്ടിക്കൽ പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ആഗസ്റ്റിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്സി. എൻവിയോൺമെന്റൽ സയൻസ് ആന്റ് എൻവിയോൺമെന്റ് ആന്റ് വാട്ടർ മാനേജ്മെന്റ് (216) പ്രോഗ്രാമിന്റെ പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ 12 മുതൽ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 സെപ്റ്റംബറിൽ നടത്തിയ മൂന്നാം വർഷ ബി.എച്ച്.എം.എസ്. (1982 സ്കീം – മേഴ്സിചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കലും വൈവയും ഒക്ടോബർ 17 മുതൽ തിരുവനന്തപുരം ഗവ.ഹോമിയോ മെഡിക്കൽ കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാലയുടെ ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ./ബി.എസ്സി./ബി.കോം. (മേഴ്സിചാൻസ് – 2013 അഡ്മിഷൻ മാത്രം) പരീക്ഷകൾ ഒക്ടോബർ 21 മുതൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ എം.സി.എ. (റെഗുലർ – 2020 സ്കീം – 2020 അഡ്മിഷൻ) പ്രാക്ടിക്കൽ പരീക്ഷ 2022 ഒക്ടോബർ 11, 12, 13, 14 തീയതികളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സെഷണൽ മാർക്ക് മെച്ചപ്പെടുത്താം

കേരളസർവകലാശാലയുടെ 2008 സ്കീം ബി.ആർക്ക്. വിദ്യാർത്ഥികൾക്ക് (2008 – 2012 അഡ്മിഷൻ) സെഷണൽ മാർക്ക് മെച്ചപ്പെടുത്തുന്നതിനായി ഒക്ടോബർ 31 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം,
11.10.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**